# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4827** | **22/03/2018-ൽ മറുപടിയ്ക്ക്**

## നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വകുപ്പിന്റെ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ ഏതെല്ലാം ബാങ്കുകളെയാണ് ഉൾപ്പെട്ടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ ; | (എ) | സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും, വായ്പ നൽകുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും. |
| (ബി) | കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായവർക്ക് ഈ പദ്ധതിയുടെ പ്രയോജനം നിലവിൽ ലഭിക്കുന്നുണ്ടോ; | (ബി) | സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ 15.02.2018 മുതൽ 25.03.2018 വരെയുള്ള കാലാവധിയിൽ കുടിശ്ശിക നിവാരണം - 2018 പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ മുൻകൈ എടുത്ത് കാർഷിക ഗ്രാമ വികസന ബാങ്കുകളെ കൂടി ഉൾക്കൊള്ളിച്ച് കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ